**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5085** **02-11-2021 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം തുടങ്ങിയ വകുപ്പുകൾ ഒത്തൊരുമിച്ച് തയ്യാറാക്കുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവഗൃഹം-സംയോജിത കൃഷി സമ്പ്രദായം (IFS). പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആട്ട വളർത്തൽ/പോഷകത്തോട്ടം/ തേനീച്ച കൃഷി/കൂൺ കൃഷി/പശു വളർത്തൽ/മത്സ്യ കൃഷി/ ജൈവ വള നിർമ്മാണം/മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവഗൃഹം പദ്ധതി. പദ്ധതിയുടെ പ്രവർത്തനങ്ങൾ ജില്ലാതല ഉപദേശക സമിതി, ബ്ലോക്ക്തല - MDTE (Multi Disciplinary Team of Experts) എന്നിവ മുഖേന വിലയിരുത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) പദ്ധതി വിലയിരുത്തിയിട്ടുണ്ട്. ജൈവഗൃഹം-സംയോജിത കൃഷി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താൻ കൃഷി വകുപ്പ് ബ്ലോക്ക്തല - MDTE (Multi Disciplinary Team of Experts), ജില്ലാതല സമിതി എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ബി) | ഇതിനായി പ്രത്യേക നിരീക്ഷണ സംവിധാനം ഗ്രാമ-ബ്ലോക്ക്-ജില്ലാ തലങ്ങളിൽ രൂപപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവഗൃഹം-സംയോജിത കൃഷി സമ്പ്രദായം (IFS). പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ ആട്ട വളർത്തൽ/പോഷകത്തോട്ടം/ തേനീച്ച കൃഷി/കൂൺ കൃഷി/പശു വളർത്തൽ/മത്സ്യ കൃഷി/ ജൈവ വള നിർമ്മാണം/മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് |

| | | | |
|---|---|---|---|
| | | | ജൈവഗൃഹം പദ്ധതി. പദ്ധതിയുടെ പ്രവർത്തനങ്ങൾ ജില്ലാതല ഉപദേശക സമിതി, ബ്ലോക്ക്തല - MDTE (Multi Disciplinary Team of Experts) എന്നിവ മുഖേന വിലയിരുത്തിയിട്ടുണ്ട്. കൂടാതെ, സംസ്ഥാന തലത്തിൽ കൃഷി അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ) പദ്ധതി വിലയിരുത്തിയിട്ടുണ്ട്. ജൈവഗൃഹം-സംയോജിത കൃഷി പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താൻ കൃഷി വകുപ്പ് ബ്ലോക്ക്തല - MDTE (Multi Disciplinary Team of Experts), ജില്ലാതല സമിതി എന്നിവ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ